## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6932 10.07.2014-ൽ മറുപടിയ്ക്ക്

### കുഴൽമന്ദം എം.ആർ.എസ്-ന്റെ പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കുഴൽമന്ദം എം.ആർ. എസ്. പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചെങ്കിലും സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് മറ്റ് സൗകര്യങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം അസൗകര്യങ്ങളാണ് ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കുഴൽമന്ദം എം.ആർ.എസി-ന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ നടന്നു വരുന്നുണ്ട്. അവശേഷിക്കുന്ന ചുറ്റുമതിൽ നിർമ്മാണം, മതിലിനുമുകളിൽ കമ്പിവേലി സ്ഥാപിക്കൽ, അഴുക്കുചാൽ, ഗ്രൗണ്ട് ശരിയാക്കൽ, ക്വാർട്ടേഴ്സുകളുടെ നിർമ്മാണം, ഹോസ്റ്റൽ റൂമുകളിലെ കബോർഡ് നിർമ്മാണം എന്നീ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഫർണിച്ചർ, കമ്പ്യൂട്ടർ, സയൻസ് ലാബുകൾ, ലൈബ്രറി എന്നിവ സജ്ജമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | 2013-14 അധ്യയന വർഷം VIII -ാം ക്ലാസ്സ് തുടങ്ങിയപ്പോൾ ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കിയിട്ടുണ്ട്. തുടർന്നും ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സയൻസ് ലാബ്, ലൈബ്രറി, എന്നിവ സജ്ജമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാനായി PWD യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പുതിയ കെട്ടിടത്തിലെ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പൂർത്തിയാക്കാത്തതെന്ന് വ്യക്തമാക്കുമോ; പുതിയ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ; | (സി) | താൽക്കാലിക വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്. പൂർണ്ണമായ വൈദ്യുതീകരണം സാധ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | നിലവിൽ അധ്യാപകർ ഉൾപ്പെടെ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര ജീവനക്കാരുടെ കുറവുണ്ടെന്നും ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ഡി) | സ്ഥാപനത്തിൽ ആകെയുള്ള 17 ജീവനക്കാരിൽ നിലവിൽ 6 പേർ സ്ഥിരം ജീവനക്കാരാണ്. 11 പേർ ദിവസവേതനം, കരാർ വ്യവസ്ഥകളിൽ ജോലി ചെയ്തു വരുന്നു. സ്ഥിരം നിയമനത്തിനായി നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | സ്കൂളിന്റെ അപര്യാപ്തതകൾ സംബന്ധിച്ച് സ്കൂൾ പി.ടി.എ. നിവേദനം നൽകിയിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | ഉണ്ട്. പി.ടി.എ.യിൽ നിന്ന് ലഭിച്ച നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങളിൻമേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sali K.J

സെക്ഷൻ ആഫീസർ